## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4412** **26/06/2014-ൽ മറുപടിയ്ക്ക്**

**ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേന്ദ്ര പുനരധിവാസ നിയമം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. പാലോട് രവി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേന്ദ്ര പുനരധിവാസ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) ഭൂവുടമകൾക്ക് അർഹമായ നഷ്ട പരിഹാരവും ആനുകൂല്യങ്ങളും നൽകി ഭൂമി ഏറ്റെ ടുക്കുക എന്ന ലക്ഷ്യ ത്തോടെയാണ് കേന്ദ്ര സർക്കാ രിന്റെ പുതിയ "Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013" 01-01-2014 മുതൽ നിലവിൽ വന്നത്. ഭൂവുടമകൾക്ക് തങ്ങളുടെ ഭൂമിയോടുള്ള വൈകാ രിക ബന്ധം നഷ്ടപ്പെടുന്നതിന് ആനുപാതിക ധനസഹായം നൽകുന്നതിന് ഈ നിയമത്തിലെ മാർഗ്ഗ നിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. താരതമ്യേന കുറഞ്ഞ നഷ്ട പരിഹാരവും പുനരധിവാസത്തിന് വ്യവസ്ഥകൾ ഇല്ലാതിരുന്നതുമാണ് നിലവിലുണ്ടായിരുന്ന ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ പ്രധാന പോരായ്മ. പുതിയ നിയമ പ്രകാരം സർക്കാരിന്റെ ആവശ്യത്തിലേയ്ക്കും, സ്വകാര്യ കമ്പനികൾക്ക് കൈമാറുന്നതിനും പൊതു സ്വകാര്യ ആവശ്യങ്ങൾക്ക് കൈമാറുന്നതിനും വ്യക്തമായ വ്യവസ്ഥ കൾക്ക് വിധേയമായി മാത്രമേ ഭൂമി ഏറ്റെടുക്കാവൂ. ഭൂമി ഏറ്റെടുക്കാനുള്ള പ്രഖ്യാപനത്തോടൊപ്പം പുനരധിവാസത്തിനുള്ള വിശദാംശങ്ങളുടെ സംക്ഷിപ്ത രൂപം പ്രസിദ്ധീകരിക്കുക, പഴയ നിയമത്തിലുണ്ടായിരുന്ന 30% സൊലേഷ്യം 100% |

| | |
|---|---|
| | മായി ഉയർത്തുക, ഏറ്റെടുത്ത ഭൂമി 5 വർഷത്തിനകം ഉപയോഗിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥലം ഭൂവുടമകൾക്ക് തിരികെ നൽകുകയോ, ലാന്റ് ബാങ്കിൽ നിക്ഷേപിക്കുകയോ ചെയ്യുക, പുനരധിവസിക്കപ്പെട്ട വ്യക്തിയുടെ ഭൂമി വീണ്ടും ഏറ്റെടുക്കേണ്ടി വരുന്ന പക്ഷം 75% അധിക നഷ്ടപരിഹാരം അനുവദിക്കുക തുടങ്ങിയവ പുതിയ നിയമത്തിലെ നിർദ്ദേശങ്ങളാണ്. ഭൂവുടമകൾക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകുന്നതുവഴി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങളിൽ നിന്നും ഉണ്ടാകുന്ന എതിർപ്പ് ഒരു പരിധിവരെ ഒഴിവാക്കുന്നതിനും അതുവഴി സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) സംസ്ഥാനത്ത് ഈ നിയമം എങ്ങനെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കാതെ പുതിയ ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കാൻ നിർവ്വാഹമില്ല. എന്നാൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി 04-03-2014-ലെ 864/ബി1/2014 സർക്കുലർ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് തുടർച്ചയായി 20-05-2014-ൽ ലാന്റ് റവന്യു കമ്മീഷണറും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) ഇതിന്റെ ഭാഗമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികളേയും വിദഗ്ദ്ധ സമിതികളേയും നിയോഗിച്ചിട്ടുണ്ടോ; വിശമാക്കുമോ ;<br><br>(ഡി) ഇതിനോടനുബന്ധിച്ചിട്ടുള്ള നിയമങ്ങളും മറ്റും രൂപപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) & (ഡി) പുതിയ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾക്ക് രൂപം നൽകാൻ സംസ്ഥാന സർക്കാർ 05-03-2014-ലെ ജി. ഒ. (എം.എസ്) 142/14/റവ ഉത്തരവ് പ്രകാരം ഒരു വിദഗ്ധസമിതി രൂപീകരിക്കുകയും ടി സമിതി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും ഈ സമിതിയുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ